പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2308 — 18/02/2016 ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ ആശുപത്രി ജീവനക്കാരുടെ കുറവ്

| ചോദ്യം<br>**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്തതുമൂലം രോഗികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | വയനാട് ജില്ലയിൽ ഡോക്ടർമാരുടെ തസ്തികകളിൽ 47 ഒഴിവുകളാണ് നിലവിൽ ഉള്ളത്. എന്നാൽ രോഗികൾക്ക് ഇതുമൂലം ബുദ്ധിമുട്ട് ഉണ്ടാവാതിരിക്കാൻ അഡ്ഹോക് വ്യവസ്ഥയിൽ 21 ഡോക്ടർമാരേയും, ദേശീയ ആരോഗ്യ ദൗത്യം മുഖേന 31 ഡോക്ടർമാരെയും നിയമിച്ച് അവശ്യ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ വയനാട് ജില്ലയിൽ പി.എച്ച്.സി മുതൽ ജില്ലാ ആശുപത്രി വരെ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും കുറവ് എത്രയാണെന്നും എത്ര സ്റ്റാഫുകളാണ് വേണ്ടിയിരുന്നതെന്നും പി.എച്ച്.സി, സി .എച്ച് .സി., ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ എന്നി ക്രമത്തിൽ സ്പെഷ്യലിസ്റ്റ് കേഡർമാർ ഉൾപ്പെടെ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ; | (ബി) | വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ വിശദാംശങ്ങൾ **അനുബന്ധം-എ** യായി ചേർത്തിരിക്കുന്നു. ജില്ലയിലെ വിവിധ ആശുപത്രികളിൽ അനുവദിക്കപ്പെട്ട പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തികകളും അതിൽ നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച പട്ടിക **അനുബന്ധം (ബി)** ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഡോക്ടർമാരുടെ കുറവ് മൂലം രോഗികൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ അഡ്ഹോക് വ്യവസ്ഥയിൽ 21 ഡോക്ടർമാരെയും ദേശീയ ആരോഗ്യദൗത്യം മുഖേന 31 ഡോക്ടർമാരെയും ഉൾപ്പെടെ ആകെ 52 ഡോക്ടർമാരെ നിയമിച്ച് അവശ്യസേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഒഴിവുള്ള അസിസ്റ്റന്റ് സർജൻ തസ്തികകളിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്തി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഒഴിവുള്ള കൺസൾട്ടന്റ്/സിവിൽ സർജൻ തസ്തികകൾ നികത്തുന്നതിനായി ഡി.പി.സി. യോഗം കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഡി.പി.സി.യുടെ അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം മുഖേന കൺസൾട്ടന്റ്/ സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ളവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് തസ്തികകളും നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | പാരാമെഡിക്കൽ വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടവയായ ഹെഡ് നേഴ്സ്, സ്റ്റാഫ് നേഴ്സ് ഗ്രേഡ് I, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ, എന്നിവയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റാഫ് നേഴ്സ്/ഫാർമസിസ്റ്റ് തസ്തികയിലെ സ്ഥാനക്കയറ്റം/സീനിയോറിറ്റി സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലനില്ക്കുന്നുണ്ട്. പ്രസ്തുത കേസുകളിലെ അന്തിമ കോടിതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നടത്തി സ്റ്റാഫ് നേഴ്സ് ഗ്രേഡ് I/ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്. പി.എസ്.സി. നിയമനം മുഖാന്തിരം നിയമനം നടത്തേണ്ട തസ്തികകളായ റേഡിയോഗ്രാഫർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക്, റഫ്രിജറേഷൻ മെക്കാനിക് എന്നിവ നികത്തുന്നതിനും സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**